മഹാത്മാഗാന്ധി സർവ്വകലാശാല ഓൺലൈൻ പ്രോഗ്രാമുകളുടെ 2025 ജനുവരി സെഷനിലേക്ക് മാർച്ച് 30 വരെ അപേക്ഷിക്കാം.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന എം ബി എ (ഹ്യൂമൻ റിസോഴ്സസ്, മാർക്കറ്റിംഗ്, ഫിനാൻസ്), എം.കോം. (ഫിനാൻസ് ആൻഡ് ടാക്സേഷൻ) , എം എ ഇംഗ്ലീഷ്, ബി.കോം. (ഓണേഴ്സ്) എന്നീ ഓൺലൈൻ പ്രോഗ്രാമുകളുടെ 2025 ജനുവരി സെഷനിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. യു.ജി.സി യുടെ അംഗീകാരത്തോടെ നടത്തുന്ന ഓൺലൈൻ പ്രോഗ്രാമുകൾ റെഗുലർ ഡിഗ്രിക്ക് തുല്യമാണ്. വിവിധ കാരണങ്ങളാൽ കോളേജ് പഠനം അസാധ്യമായവർക്കും ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും ലോകത്തെവിടെയുമുള്ള വിദ്യാർത്ഥികൾക്കും പ്രായഭേദമന്യേ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ഓൺലൈൻ പ്രോഗ്രാമുകളിൽ അഡ്മിഷൻ എടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2025 മാർച്ച് 30 വൈകിട്ട് 5 മണിക്ക് മുൻപ് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും cdoe.mgu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. Phone:- +91 481 273 1010.